വ്യവസായ കേരളം

വ്യവസായ വികസനത്തിനൊരു അടയാളം

Department of Industries & Commerce Government of Keralam

OFFICIAL NEWSLETTER OF DIRECTORATE OF INDUSTRIES & COMMERCE GOVERNMENT OF KERALAM

ISSUE: 104

01 NOVEMBER 2026

industry.kerala.gov.in

നിക്ഷേപ അനുമതികൾ വേഗത്തിൽ

സരൾ കേരളം പദ്ധതിക്ക് അംഗീകാരം

@70 കേരളപ്പിറവി ആശംസകൾ

കേരളത്തിലേക്ക് പുതിയ നിക്ഷേപങ്ങളും ബിസിനസ്സുകളും കൂടുതൽ എളുപ്പത്തിൽ ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'സരൾ കേരളം' (SARAL KERALAM - Simplified and Accelerated Regulatory Approvals and Licenses ബില്ലിന് 2026 ഒക്ടോബർ 29 ന് നിയമസഭയുടെ അംഗീകാരം ലഭിച്ചു. ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി 2026 ഒക്ടോബർ 15-നാണ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകളും അനുമതികളും നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 'One-State-One-Approval-One-Document' (OSAD) എന്ന ആശയം മുൻനിർത്തി, എല്ലാ അനുമതികളും ഒരൊറ്റ കേന്ദ്രത്തിലൂടെ നൽകാനായി ഒരു ഏകീകൃത അതോറിറ്റിക്ക് രൂപം നൽകും. പുതിയ സംവിധാനം അനുസരിച്ച് 25 കോടി മുതൽ 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ജില്ലാതല ബോഡിയും 50 കോടി രൂപയ്ക്ക് മുകളിലുള്ള വലിയ നിക്ഷേപങ്ങൾക്ക് സംസ്ഥാനതല ബോഡിയുമാണ് അനുമതി നൽകുന്നത്. കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷനാണ് (കെ.എസ്.ഐ.ഡി.സി.) ഇതിന്റെ ഏകോപന ചുമതല. പദ്ധതി വഴി വകുപ്പുകളുടെ അധികാരം കവർന്നെടുക്കുകയല്ല മറിച്ച്, ഒരു പ്രൊപ്പോസൽ വന്നാൽ ഓരോ വകുപ്പും നിശ്ചിത ദിവസങ്ങൾക്കകം പരിശോധന പൂർത്തിയാക്കി മറുപടി നൽകണമെന്ന് നിർബന്ധമാക്കുകയാണ് ചെയ്യുന്നത്. വകുപ്പുകളുടെ പരിശോധനയ്ക്ക് ശേഷം അപ്രൈസൽ ബോഡി വിലയിരുത്തി സമിതിയുടെ മുൻപാകെ വെച്ച് വേഗത്തിൽ അന്തിമ അനുമതി നൽകും. ഏതെങ്കിലും വകുപ്പിന് വിയോജിപ്പുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള അപ്പീൽ സംവിധാനവും ഇതിലുണ്ട്. വർഷങ്ങളോളം അനുമതി ലഭിക്കാതെ കിടക്കുന്ന ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകൾക്ക് ഈ പദ്ധതി വലിയൊരു ആശ്വാസമാകും. വ്യവസായ സംരംഭകർക്ക് തടസ്സങ്ങളോ കാലതാമസമോ ഇല്ലാതെ കാര്യങ്ങൾ എളുപ്പത്തിലാക്കുന്നതിലൂടെ കേരളത്തിന്റെ വികസന സാധ്യതകൾക്ക് പുതിയൊരു വാതിലാണ് 'സരൾ കേരളം' തുറന്നിടുന്നത്.

കേരളത്തിന്റെ കയറ്റുമതി മേഖലയ്ക്ക് വൻ കുതിപ്പ്:

പ്രവർത്തനം വിപുലീകരിക്കാൻ എമിറേറ്റ്സ് സ്കൈകാർഗോ



സംസ്ഥാനത്ത് നിന്നുള്ള കാർഗോ-കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്നുകൊണ്ട് ആഗോള വ്യോമയാന ഗ്രൂപ്പായ എമിറേറ്റ്സിന്റെ കാർഗോ വിഭാഗമായ 'എമിറേറ്റ്സ് സ്കൈകാർഗോ' കേരളത്തിൽ പ്രവർത്തനം വിപുലീകരിക്കാനും പുതിയ ബിസിനസ് സാധ്യതകൾ കണ്ടെത്താനും തയ്യാറെടുക്കുന്നു. 2026 ഒക്ടോബർ 15-ന് ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുമായി എമിറേറ്റ്സ് സ്കൈകാർഗോ പ്രതിനിധികൾ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച് നിർണായക തീരുമാനങ്ങളുണ്ടായത്. എമിറേറ്റ്സ് സ്കൈകാർഗോ ഇന്ത്യ തലവൻ അമീർ അൽ സറൂനി നയിച്ച പ്രതിനിധി സംഘമാണ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസുമായി (കെ.എസ്.ഐ.ഇ.) സഹകരിച്ച് എമിറേറ്റ്സ് സ്കൈകാർഗോ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ഈ പങ്കാളിത്തവും സഹകരണവും കൂടുതൽ ശക്തമാക്കാനും കൂടുതൽ വിപണി സാധ്യതകൾ പ്രയോജനപ്പെടുത്താനുമാണ് കൂടിക്കാഴ്ച ലക്ഷ്യമിട്ടതെന്ന് ബഹു. മന്ത്രി വ്യക്തമാക്കി. കെ.എസ്.ഐ.ഇ. മുഖേന കേരളത്തിൽ നിന്നുള്ള കയറ്റുമതി ഗണ്യമായി വർദ്ധിപ്പിക്കുന്നതിലായിരുന്നു ചർച്ചകൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. എമിറേറ്റ്സുമായുള്ള പങ്കാളിത്തം വഴി കേരളത്തിന്റെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിലേക്ക് അതിവേഗം എത്തിക്കാൻ സഹായകമാകും. കേരളത്തിന്റെ കാർഗോ, എക്സ്പോർട്ട് മേഖലകളിൽ വരും നാളുകളിൽ വലിയ വികസന മുന്നേറ്റങ്ങൾക്ക് ഇത് വഴി തുറക്കും.

എം.എസ്.എം.ഇകളുടെ ഊർജ്ജക്ഷമത; 300 യൂണിറ്റുകളിൽ എനർജി ഓഡിറ്റ് പൂർത്തിയായി



സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം, സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഊർജ്ജക്ഷമത വർധിപ്പിക്കുന്നതിനുമായി റാംപ് പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന എനർജി ഓഡിറ്റിന്റെ കരട് റിപ്പോർട്ട് വ്യവസായ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസിന്റെ സാന്നിധ്യത്തിൽ അവതരിപ്പിച്ചു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റും സംസ്ഥാന വൈദ്യുത വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ കേരളവും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ മുഴുവൻ ജില്ലകളിലുമായി 300 എം.എസ്.എം.ഇ. യൂണിറ്റുകളിലാണ് വിശദമായ എനർജി ഓഡിറ്റും ഫീൽഡ് അസസ്സ്മെന്റും പൂർത്തിയാക്കിയത്. എനർജി ഓഡിറ്റ് വഴി പ്രതിവർഷം 18.26 GWh വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്നും 73.8 കോടി രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നും കണക്കാക്കുന്നു.

ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത ഘട്ടത്തിൽ കുറഞ്ഞ ചെലവിൽ വേഗത്തിൽ ലാഭം തരുന്ന നിർദ്ദേശങ്ങൾ ആദ്യം നടപ്പിലാക്കും. എം.എസ്.എം.ഇ. തലത്തിൽ ആവശ്യമായ നിക്ഷേപ രൂപരേഖകൾ ആവിഷ്കരിക്കും. യൂണിറ്റുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളും സാങ്കേതിക സഹായങ്ങളും ഉറപ്പാക്കാനും തീരുമാനമായി. ഊർജ, സാമ്പത്തിക ലാഭം നിരീക്ഷിച്ച് വിലയിരുത്തി പദ്ധതിയുടെ സ്വാധീനം വിലയിരുത്തുകയും ചെയ്യും. ഓഡിറ്റ് റിപ്പോർട്ടുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അതത് എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് കൈമാറുന്നതാണ്.

വ്യവസായ സ്മാർട്ട് സിറ്റികൾ വ്യാപിപ്പിക്കാൻ കേരളം:

കേന്ദ്ര സഹായത്തോടെ 3 പുതിയ പാർക്കുകൾ

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി മാതൃകയിൽ 3 വ്യവസായ പാർക്കുകൾ കൂടി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ വികസിപ്പിക്കാൻ കേരളം. എറണാകുളം, കണ്ണൂർ ജില്ലകളിലായി ആകെ 1280 ഏക്കർ ഭൂമി കേന്ദ്രത്തിന്റെ 'ദ്രവ്യ' (ഭാരത് ഔദ്യോഗിക് വികാസ് യോജന) സ്കീമിൽ ഉൾപ്പെടുത്താനാണ് ശ്രമിക്കുന്നത്.


*പ്രതീകാത്മക ചിത്രം

പാലക്കാട് സ്മാർട് സിറ്റിയും പങ്കാളിത്ത മാതൃകയും

രാജ്യത്തു നടപ്പാക്കുന്ന 12 വ്യവസായ സ്മാർട്ട് സിറ്റികളിൽ ഒന്നാണ് കേന്ദ്രസഹായത്തോടെയുള്ള പാലക്കാട് സ്മാർട്ട് സിറ്റി. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും (കിൻഫ്ര) കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷനൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (എൻ.ഐ.സി.ഡി.ഐ.ടി.) ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്. തുല്യ ഓഹരി പങ്കാളിത്തത്തോടെ രൂപംകൊടുത്ത എസ്പിവി 'കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്' ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ 1,489 കോടി രൂപ ചെലവിട്ട് കിൻഫ്ര വഴി 1,450 ഏക്കർ ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ട്. ഭൂമി വികസിപ്പിക്കാൻ ഇത്രയും തുക കേന്ദ്രസർക്കാരും മുടക്കും. വരുമാനം തുല്യമായി പങ്കിടുകയും ചെയ്യും.

'ഭൂമി സംസ്ഥാനത്തിന്റെ ചെലവിൽ, പാർക്ക് വികസനം കേന്ദ്രത്തിന്റെ ചെലവിൽ' എന്ന മാതൃകയാണു ദ്രവ്യ സ്കീമിലുള്ളത്. രാജ്യത്താകെ ദ്രവ്യ സ്കീമിലൂടെ ലക്ഷ്യമിടുന്ന 100 വ്യവസായ പാർക്കുകളിൽ ആദ്യത്തെ 50 എണ്ണം 2027 ഏപ്രിലിൽ പ്രഖ്യാപിക്കും. ഈ പട്ടികയിൽ ഇടംനേടാനാണ് കേരളത്തിന്റെ ശ്രമം. സ്കീമിൽ ഉൾപ്പെട്ടാൽ പാർക്ക് വികസനത്തിന് ഏക്കറിന് ഒരു കോടി രൂപ വീതം കേന്ദ്രം നൽകും. പാലക്കാട് സ്മാർട് സിറ്റിക്കായി രൂപീകരിച്ച എസ്പിവിക്ക് ഈ പദ്ധതിയും നടപ്പാക്കാനാകും. കേന്ദ്രാനുമതി ലഭിച്ചാൽ 3 മാസത്തിനകം ഭൂമി എസ്പിവിക്ക് കൈമാറേണ്ടതുണ്ട്.

നിർദ്ദിഷ്ട പാർക്കുകൾ

1. **കണ്ണൂർ (മട്ടന്നൂർ)**: 476 ഏക്കർ ഭൂമി കേന്ദ്ര സ്കീമിൽ പെടുത്താനുള്ള അപേക്ഷ നൽകിക്കഴിഞ്ഞു.

2. **കണ്ണൂർ (മട്ടന്നൂർ – രണ്ടാമത്തെ പാർക്ക്)**: മട്ടന്നൂരിൽ തന്നെയുള്ള 446 ഏക്കറിനായുള്ള അപേക്ഷ ഈ മാസം നൽകും.

3. **എറണാകുളം (അങ്കമാലി അയ്യമ്പുഴ)**: ഗിഫ്റ്റ് സിറ്റിയായി വികസിപ്പിക്കാൻ നേരത്തേ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്ന 358 ഏക്കറാണ് മൂന്നാമത്തേത്.

നാഷണൽ ബാംബൂ മിഷന്റെ വിവിധ പദ്ധതികളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം മുള മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകുന്നതിനായി സംരംഭകർ, സ്വകാര്യ വ്യക്തികൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, ബാംബൂ സൊസൈറ്റികൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനിൽ (കെബിപ്പ്) പ്രവർത്തിച്ചുവരുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ് സംസ്ഥാനത്ത് നാഷണൽ ബാംബൂ മിഷന്റെ നോഡൽ ഏജൻസി. മുളനഴ്സറി, പ്ലാന്റേഷൻ, പ്രാഥമിക സംസ്കരണം, നൂതന ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും സംഭരണം, നൈപുണ്യ വികസനം, വിപണന വികസനവും പിന്തുണയും, ഗവേഷണം തുടങ്ങി മുള മേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കാണ് വിവിധ സ്കീമുകൾ വഴി ധനസഹായം ലഭിക്കുക. നാഷണൽ ബാംബൂ മിഷൻ മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം അപേക്ഷകൾ തയ്യാറാക്കേണ്ടത്. മാനദണ്ഡങ്ങൾ കേരള സംസ്ഥാന ബാംബൂ മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralabamboomission.org) ലഭ്യമാണ്. സ്വകാര്യ വ്യക്തികൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, സൊസൈറ്റികൾ തുടങ്ങിയവർ അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ശുപാർശയോടെ 2026 നവംബർ 20-ന് മുമ്പ് കേരള സംസ്ഥാന ബാംബൂ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

പദ്ധതി പരിചയം

ഒരു കുടുംബം ഒരു സംരംഭം പദ്ധതി

വീടുകളിലേക്ക് സംരംഭകത്വം വ്യാപിപ്പിക്കാനും വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം'. എല്ലാ കുടുംബങ്ങളിലും കുറഞ്ഞത് ഒരു എം.എസ്. എം.ഇ. യൂണിറ്റെങ്കിലും ആരംഭിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. പദ്ധതി ഗുണഭോക്താക്കളുടെ 50 ശതമാനം വനിതാ സംരംഭകരായിരിക്കും.

ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾക്ക് പലിശ ഇളവ് റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ് നൽകുന്നത്. 10 ലക്ഷം രൂപ വരെയുള്ള ടേം ലോണുകൾക്കും പ്രവർത്തന മൂലധന വായ്പകൾക്കും പദ്ധതി ആനുകൂല്യം ലഭിക്കും. പരമാവധി 6% വരെ പലിശ ഇളവ് ലഭിക്കും. വായ്പയുടെ ആദ്യ ഗഡു വിതരണം ചെയ്ത തീയതി മുതൽ 5 വർഷത്തേക്ക് ഈ ആനുകൂല്യം ലഭ്യമാണ്.

അർഹതാ മാനദണ്ഡങ്ങൾ

1. 01/04/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (മാനുഫാക്ചറിങ്, സർവീസ്, ട്രേഡിങ് മേഖലകൾ) അപേക്ഷിക്കാം.
2. സ്ഥാപനം UDYAM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം.
3. കേന്ദ്ര/സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ഗ്രാൻഡ് ആനുകൂല്യങ്ങൾ ലഭിച്ച യൂണിറ്റുകൾക്ക് അർഹതയില്ല. എന്നാൽ പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം സഹായം ലഭിക്കുന്ന യൂണിറ്റുകൾക്ക് ഈ നിബന്ധനയിൽ ഇളവുണ്ട്.
4. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, KSIDC, KFC, KSFE, കേരള ബാങ്ക് എന്നിവയിൽ നിന്ന് വായ്പ എടുത്തവയായിരിക്കണം.

അപേക്ഷിക്കേണ്ട വിധം

1. കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.industry.kerala.gov.in സന്ദർശിക്കുക
2. ഹോം പേജിലെ 'Online Services' ലിസ്റ്റിൽ നിന്ന് "One Family One Enterprise" തിരഞ്ഞെടുത്ത് 'Apply Now' ക്ലിക്ക് ചെയ്യുക. (പുതിയ ഉപയോക്താക്കൾ 'Registration' ചെയ്യുക; നിലവിലുള്ളവർ 'Login' ചെയ്യുക)
3. രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം ലോഗിൻ ചെയ്ത് അപേക്ഷാ ഫോം 'Submit' ചെയ്യുക.



Designed & Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Keralam, Vikas Bhavan, Thiruvananthapuram